**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 496** **08-10-2024 - ൽ മറുപടിയ്ക്ക്**

**2022-23, 2023-24 ബജറ്റിൽ അനുവദിച്ച പദ്ധതികളുടെ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 വർഷത്തെ ബജറ്റിൽ എം.ആർ.എം.പി.സി.എസ്.(മീനച്ചിൽ റബർ മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി) പുനരുദ്ധാരണത്തിന് രണ്ട് കോടിയും 2023-24 ബജറ്റിൽ കെ.എം. മാണി ഫൗണ്ടേഷന് അഞ്ച് കോടിയും പാലാ കേന്ദ്രമാക്കി പ്രൊഫഷണൽ എംപ്ലോയ്മെന്റ് ആന്റ് സ്കിൽ ഡെവലപ്പ്മെന്റ് സെന്ററിന് മൂന്നു കോടിയും അനുവദിച്ചിരുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ? | (എ) | 2022-23 വർഷത്തെ വർക്ക്സ് ബജറ്റിൽ എം.ആർ.എം.പി.സി.എസ്. (മീനച്ചിൽ റബ്ബർ മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി) യുടെ കീഴിൽ 6 വർഷമായി പൂട്ടിക്കിടക്കുന്ന കരൂർ സെൻട്രിഫ്യൂഗൽ ലാറ്റക്സ് ഫാക്ടറിയുടെ പുനരുദ്ധാരണത്തിന് വേണ്ടി കൃഷി വകുപ്പ് മുഖേന രണ്ട് കോടി രൂപ അനുവദിച്ചിരുന്നു (ക്രമ നം.2632). 19.10.2022ലെ ജി ഒ (ആർ റ്റി) 7031/2022/ധന നമ്പർ സർക്കാർ ഉത്തരവു പ്രകാരം മീനച്ചിൽ റബ്ബർ മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സഹകരണ സംഘം എന്ന പ്രവൃത്തിയുടെ നിർവ്വഹണ ചുമതല കൃഷി വകുപ്പിൽ നിന്നും വ്യവസായ വകുപ്പിലേക്ക് മാറ്റി ഭേദഗതി ഉത്തരവു പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സംഘത്തിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി മാത്രമാണ് ഭരണത്തിലുള്ളത് എന്നതിനാലും സ്വതന്ത്ര എന്റിറ്റി എന്ന നിലയ്ക്ക് സംഘത്തിന്റെ പ്രോജക്ട് നടപ്പിലാക്കുന്നതിന് വ്യവസായ വകുപ്പിനു പരിമിതികളും അപ്രായോഗികതയുമുണ്ട് എന്നതിനാലും സഹകരണ സംഘം രജിസ്ട്രാറുടെ അധികാര പരിധിയിൽ വരുന്ന സംഘത്തിനു പണമനുവദിക്കുന്നതും ആയതു ചെലവഴിച്ചുള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ നിർവഹണ ചുമതല വ്യവസായ വകുപ്പിനു നൽകുന്നതിനുള്ള പരിമിതിയും അപ്രായോഗികതയും സഹകരണ സംഘം രജിസ്ട്രാറുടെ ശ്രദ്ധയിൽക്കൊണ്ടു വരുന്നതിനു കത്തു നൽകിയെങ്കിലും മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ വ്യവസായ വകുപ്പ് പ്രസ്തുത ഫയൽ സഹകരണ വകുപ്പിനു കൈമാറിയിരുന്നു. സഹകരണ വകുപ്പ് ടി വിഷയത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ റിപ്പോർട്ട് തേടിയിരിക്കുകയാണ്.<br><br>2020-21 ബജറ്റ് സ്പീച്ചിന്റെ അടിസ്ഥാനത്തിൽ ആ വർഷത്തെ ഉപധനാഭ്യർത്ഥനയിലുൾപ്പെടുത്തി '2075- |

| | | | |
|---|---|---|---|
| | | | 00-800-10-18-N/V- കെ.എം മാണി ഫൗണ്ടേഷൻ നിർമാണം' എന്ന ശീർഷകത്തിൽ ടോക്കൺ പ്രൊവിഷൻ അനുവദിക്കുകയും കൂടാതെ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലും പ്രസ്തുത ശീർഷകത്തിൽ ടോക്കൺ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിലുപരിയായി തുകകൾ ഒന്നും കെ എം മാണി ഫൗണ്ടേഷൻ നിർമ്മാണത്തിന് വേണ്ടി വകയിരുത്തിയിട്ടില്ല.<br><br>പാലാ കേന്ദ്രമാക്കി നാഷണൽ എംപ്ലോയ്മെന്റ് സർവീസസ് (കേരളം) വകുപ്പിന്റെ ഭാഗമായി പ്രൊഫഷണൽ എംപ്ലോയ്മെന്റ് ആന്റ് സ്കിൽ ഡെവലപ്മെന്റ് സെന്റർ തുടങ്ങുന്നതിന് വേണ്ടിയുള്ള ശിപാർശ നിലവിൽ ധനവകുപ്പിൽ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 496** **08.10.2024 ലെ മറുപടിയ്ക്ക്**

## 2022-23 , 2023-24 ബജറ്റിൽ അനുവദിച്ച പദ്ധതികളുടെ സ്ഥിതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മാണി.സി.കാപ്പൻ എം.എൽ.എ** | **കെ.എൻ. ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** |
| 2022-23 വർഷത്തെ ബജറ്റിൽ എം.ആർ.എം.പി.സി.എസ്. (മീനച്ചിൽ റബ്ബർ മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി) പുനരുദ്ധാരണത്തിന് രണ്ട് കോടിയും 2023-24 ബജറ്റിൽ കെ.എം മാണി ഫൗണ്ടേഷന് അഞ്ച് കോടിയും പാലാ കേന്ദ്രമാക്കി പ്രൊഫഷണൽ എംപ്ലോയ്മെന്റ് ആന്റ് സ്കിൽ ഡെവലപ്മെന്റ് സെന്ററിന് മൂന്നു കോടിയും അനുവദിച്ചിരുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | 2022-23 വർഷത്തെ വർക്ക്സ് ബജറ്റിൽ എം.ആർ.എം.പി.സി.എസ്. (മീനച്ചിൽ റബ്ബർ മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി) യുടെ കീഴിൽ 6 വർഷമായി പൂട്ടിക്കിടക്കുന്ന കത്രർ സെൻട്രിഫ്യൂഗൽ ലാറ്റക്സ് ഫാക്ടറിയുടെ പുനരുദ്ധാരണത്തിന് വേണ്ടി കൃഷി വകുപ്പ് മുഖേന രണ്ട് കോടി രൂപ അനുവദിച്ചിരുന്നു (ക്രമ നം.2632). 19.10.2022 ലെ ജി ഒ (ആർ റ്റി) 7031/2022/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മീനച്ചിൽ റബ്ബർ മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സഹകരണ സംഘം എന്ന പ്രവൃത്തിയുടെ നിർവ്വഹണ ചുമതല കൃഷി വകുപ്പിൽ നിന്നും വ്യവസായ വകുപ്പിലേക്ക് മാറ്റി ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സംഘത്തിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി മാത്രമാണ് ഭരണത്തിലുള്ളത് എന്നതിനാലും സ്വതന്ത്ര എന്റിറ്റി എന്ന നിലയ്ക്ക് സംഘത്തിന്റെ പ്രോജക്ട് നടപ്പിലാക്കുന്നതിന് വ്യവസായ വകുപ്പിനു പരിമിതികളും അപ്രായോഗികതയുമുണ്ട് എന്നതിനാലും സഹകരണ സംഘം രജിസ്ട്രാറുടെ അധികാര പരിധിയിൽ വരുന്ന സംഘത്തിനു പണമനുവദിക്കുന്നതും ആയതു ചെലവഴിച്ചുള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ നിർവഹണ ചുമതല വ്യവസായ വകുപ്പിനു നൽകുന്നതിനുള്ള പരിമിതിയും അപ്രായോഗികതയും സഹകരണ സംഘം രജിസ്ട്രാറുടെ ശ്രദ്ധയിൽക്കൊണ്ടു വരുന്നതിനു കത്തു നൽകിയെങ്കിലും മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ വ്യവസായ വകുപ്പ് പ്രസ്തുത ഫയൽ സഹകരണ വകുപ്പിനു കൈമാറിയിരുന്നു. സഹകരണ വകുപ്പ് ടി വിഷയത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ റിപ്പോർട്ട് തേടിയിരിക്കുകയാണ്. |

| | |
|---|---|
| | 2020-21 ബജറ്റ് സ്പീച്ചിന്റെ അടിസ്ഥാനത്തിൽ ആ വർഷത്തെ ഉപധനാഭ്യർത്ഥനയിലുൾപ്പെടുത്തി '2075-00-800-10-18-N/V- കെ.എം മാണി ഫൗണ്ടേഷൻ നിർമാണം' എന്ന ശീർഷകത്തിൽ ടോക്കൺ പ്രൊവിഷൻ അനുവദിക്കുകയും കൂടാതെ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലും പ്രസ്തുത ശീർഷകത്തിൽ ടോക്കൺ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിലുപരിയായി തുകകൾ ഒന്നും കെ എം മാണി ഫൗണ്ടേഷൻ നിർമ്മാണത്തിന് വേണ്ടി വകയിരുത്തിയിട്ടില്ല. |
| | പാലാ കേന്ദ്രമാക്കി നാഷണൽ എംപ്ലോയ്മെന്റ് സർവീസസ് (കേരളം) വകുപ്പിന്റെ ഭാഗമായി പ്രൊഫഷണൽ എംപ്ലോയ്മെന്റ് ആന്റ് സ്കിൽ ഡെവലപ്മെന്റ് സെന്റർ തുടങ്ങുന്നതിന് വേണ്ടിയുള്ള ശിപാർശ നിലവിൽ ധനവകുപ്പിൽ പരിശോധനയിലാണ്. |

അക്കൗണ്ട്സ് ഓഫീസർ